കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ കൺവീനറായി ചുമതല നിർവഹിച്ചുവരുന്ന ശ്രീബിജു വി..എസിനെ താത്ക്കാലികമായി ടി ചുമതലയിൽനിന്നും ഒഴിവാക്കിക്കൊണ്ടും പകരം സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ ഡിവിഷനിലെ ജോയിന്റ് ഡയറക്ടറും ചീഫ് ഇൻചാർജ്ജും എസ്.ആർ.ജി. അംഗവുമായ ശ്രീ.എസ്.ആർ.സനൽകുമാറിനെ നിയമിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 708/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 26.03.2019

പരാമർശം :- 1. സ.ഉ.(എം.എസ്.)നം.139/2016/ത.സ്വ.ഭ.വ തിയതി 29.09.16

2. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാന്റെ 26.02.19 ലെ 05/SRG/17 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ജനകീയാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ കൺവീനറായി ചുമതല നിർവഹിച്ചുവരുന്ന തിരുവനന്തപുരം ജില്ലാ പ്ളാനിംഗ് ഓഫീസറായ ശ്രീബിജു വി..എസിനെ ലോകസഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലാ പ്ളാനിംഗ് ഓഫീസറായി ട്രാൻസ്ഫർ ചെയ്യുകയും അസിസ്റ്റേണിംഗ് ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ടിയാനെ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ കൺവീനർ സ്ഥാനത്തുനിന്നും താത്ക്കാലികമായി ഒഴിവാക്കുകയും തിരികെ ഇപ്പോഴത്തെ ഓഫീസിൽ ഡ്യൂട്ടിയിൽ പുനപ്രവേശിക്കുന്നതുവരെ സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ ഡിവിഷനിലെ ജോയിന്റ് ഡയറക്ടറും ചീഫ് ഇൻചാർജ്ജും എസ്.ആർ.ജി. അംഗവുമായ ശ്രീ.എസ്.ആർ.സനൽകുമാറിനെ പകരം നിയമിക്കണമെന്നും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാൻ പരാമർശം (2)ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ കൺവീനറായി ചുമതല നിർവഹിച്ചുവരുന്ന ശ്രീ.ബിജു വി..എസിനെ താത്ക്കാലികമായി ടി ചുമതലയിൽനിന്നും ഒഴിവാക്കിക്കൊണ്ടും ടിയാൻ തെരഞ്ഞെടുപ്പ് ജോലി കഴിഞ്ഞ് തിരികെ ഇപ്പോഴത്തെ ഓഫീസിൽ ഡ്യൂട്ടിയിൽ പുനപ്രവേശിക്കുന്നതുവരെ സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ ഡിവിഷനിലെ ജോയിന്റ് ഡയറക്ടറും ചീഫ് ഇൻചാർജ്ജും എസ്.ആർ.ജി. അംഗവുമായ ശ്രീ.എസ്.ആർ.സനൽകുമാറിനെ പകരം നിയമിച്ചുകൊണ്ടും പരാമർശം (1) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ( സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാൻ മുഖേന)

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്. തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ